**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2916** **24-02-2026 - ൽ മറുപടിയ്ക്ക്**

**തിരൂർ മണ്ഡലത്തിലെ മത്സ്യത്തൊഴിലാളികളുടെ ക്ഷേമ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കുറുക്കോളി മൊയ്തീൻ** | | **ശ്രീ സജി ചെറിയാൻ**<br>**(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | തിരൂർ മണ്ഡലത്തിൽ തീരദേശ മേഖലയിലെ മത്സ്യത്തൊഴിലാളികളുടെ ക്ഷേമത്തിനായി തീരദേശ വേലിയേറ്റരേഖയ്ക്ക് 50 മീറ്ററിനുള്ളിലുള്ളവരെ പുനരധിവസിപ്പിക്കുന്ന പുനർഗേഹം പദ്ധതി, സമ്പാദ്യ സമാശ്വാസം പദ്ധതി, വിദ്യാഭ്യാസ ധനസഹായം പദ്ധതി, വിദ്യാതീരം പദ്ധതി, മാതാപിതാക്കൾ മരിച്ചുപോയ കുട്ടികളുടെ ദത്തെടുക്കൽ പദ്ധതി, പ്രതിഭാ തീരം പദ്ധതി, മത്സ്യത്തൊഴിലാളി കുടുംബങ്ങളിലെ വനിതകൾക്ക് തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള പദ്ധതി തുടങ്ങിയവയിൽ ഉൾപ്പെടുത്തുന്നതിനായി 2021 മുതൽ ലഭിച്ച അപേക്ഷകളുടെ എണ്ണം, ഈ പദ്ധതികളിൽ ഉൾപ്പെടുത്തിയവരുടെ എണ്ണം, ഓരോ പദ്ധതിക്കും ചെലവഴിച്ച തുക എന്നീ വിവരങ്ങൾ സാമ്പത്തിക വർഷം തിരിച്ച് ലഭ്യമാക്കാമോ; ബാക്കിയുള്ള അപേക്ഷകളിൽ തീരുമാനമെടുത്ത് ഇവരെക്കൂടി പ്രസ്തുത പദ്ധതികളിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ; | (എ) | 2021 മുതൽ തിരൂർ മണ്ഡത്തിൽ ഫിഷറീസ് ഇ-ഗ്രാന്റ്സ്(പോസ്റ്റ്-മെട്രിക്) ഇനത്തിൽ അനുവദിച്ചിട്ടുള്ള തുകയുടെ വിശദാംശങ്ങൾ **അനുബന്ധം-I** ആയി ചേർക്കുന്നു.<br><br>**<u>ലംപ്സം ഗ്രാന്റ്</u>**<br><br>മലപ്പുറം ജില്ലയിൽ തിരൂർ മണ്ഡലത്തിൽ ഫിഷറീസ് വകുപ്പ് മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് വിദ്യാഭ്യാസാനുകൂല്യം (പ്രീ-മെട്രിക്) അനുവദിച്ചിട്ടുണ്ട്. ആയതിന്റെ വിശദാംശങ്ങൾ **അനുബന്ധം-II** ആയി ചേർക്കുന്നു.<br><br>**<u>പുനർഗേഹം പദ്ധതി</u>**<br><br>തിരൂർ മണ്ഡലം പരിധിയിൽ പുനർഗേഹം പദ്ധതി സർവ്വേ ലിസ്റ്റ് പ്രകാരം ആകെ 83 ഗുണഭോക്താക്കൾ ഉള്ളതിൽ അപേക്ഷ സമർപ്പിച്ച 44 പേരിൽ 9 പേരുടെ ഭൂമി രജിസ്ട്രേഷൻ പൂർത്തീകരിച്ചിട്ടുണ്ട്. 4 പേർക്ക് പദ്ധതി പ്രകാരം ഫ്ളാറ്റ് അനുവദിച്ചു നൽകി. ബാക്കിയുള്ളവർ ഭൂമി കണ്ടെത്തുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്. 2021 മുതൽ ഈ സാമ്പത്തിക വർഷം വരെ 7357000/- രൂപ പദ്ധതിക്കായി ചെലവഴിച്ചിട്ടുണ്ട്.<br><br>**<u>സമ്പാദ്യ സമാശ്വാസ പദ്ധതി</u>**<br><br>സമ്പാദ്യ സമാശ്വാസ പദ്ധതിയുടെ വിശദാംശങ്ങൾ **അനുബന്ധം-III** ആയി ചേർക്കുന്നു.<br><br>**<u>മാതാപിതാക്കൾ മരിച്ച് പോയ കുട്ടികളെ ദത്തെടുക്കൽ പദ്ധതി</u>** |

ടി പദ്ധതി പ്രകാരം നാളിതു വരെ അപേക്ഷകൾ ലഭിച്ചിട്ടില്ല

**വിദ്യാതിരം**

വിദ്യാതിരം പദ്ധതിയുടെ വിശദാംശങ്ങൾ **അനുബന്ധം -IV** ആയി ചേർക്കുന്നു.

**പ്രതിഭാതീരം**

പ്രതിഭാതീരം പദ്ധതിയുടെ വിശദാംശങ്ങൾ **അനുബന്ധം -V** ആയി ചേർക്കുന്നു.

**സാഫ്**

സാഫ് മുഖേന തിരൂർ മണ്ഡലത്തിൽ മത്സ്യത്തൊഴിലാളി കുടുംബങ്ങളിലെ വനിതകൾക്ക് തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനായി ചെറുകിട തൊഴിൽ സംരംഭങ്ങളുടെ വികസന പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. 2 മുതൽ 5 വരെ മത്സ്യത്തൊഴിലാളി വനിതകൾ ഉൾപ്പെടുന്ന ഗ്രൂപ്പുകൾ വഴി ചെറുകിട തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് ഒരംഗത്തിന് ഒരു ലക്ഷം രൂപ (ഒരു യൂണിറ്റിന് പരമാവധി 5 ലക്ഷം രൂപ) വരെ ഗ്രാന്റ് അനുവദിച്ചിട്ടുണ്ട്. പദ്ധതി തുകയുടെ 75 ശതമാനം ഗ്രാന്റും 20 ശതമാനം ബാങ്ക് ലോണും 5 ശതമാനം ഗുണഭോക്തൃ വിഹിതവുമായാണ് പദ്ധതി നടപ്പാക്കിയിരിക്കുന്നത്. ജില്ലകളിൽ നിന്ന് തിരഞ്ഞെടുത്ത മത്സ്യത്തൊഴിലാളി വനിതകൾക്ക് സംരംഭം ആരംഭിക്കുന്നതിനായി പരിശീലനങ്ങൾ നൽകുകയും ബാങ്ക് ലോൺ ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. ആയതിന്റെ വിശദാംശങ്ങൾ **അനുബന്ധം - VI** ആയി ചേർക്കുന്നു.

മേൽപ്പറഞ്ഞ പദ്ധതിയിൽ 2021 മുതൽ 2025 വരെ ലഭിച്ച അപേക്ഷകളിൽ സംരംഭം ആരംഭിക്കുന്നതിന് സാഫ് നൽകുന്ന നിർബന്ധിത മൂന്ന് ദിവസത്തെ റെസിഡെൻഷ്യൽ പരിശീലനത്തിൽ പങ്കെടുക്കുവാൻ തയ്യാറാവാത്തവരുടെ അപേക്ഷകളാണ് നിരസിച്ചിട്ടുള്ളത്. നിരസിച്ച

അപേക്ഷകളിലെ ഗുണഭോകതാക്കൾ പരിശീലനത്തിൽ പങ്കെടുക്കുവാൻ തയ്യാറാകുന്ന പക്ഷം പദ്ധതിയിൽ ഉൾപ്പെടുത്തുന്നതാണ്.

| | | | |
|---|---|---|---|
| | | | 2025-ൽ 2 അപേക്ഷകളിലെ ഗുണഭോകതാക്കൾക്ക് ചെറുകിട തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് ഫണ്ട് അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ബി) | പ്രസ്തുത മണ്ഡലത്തിൽ കടൽക്ഷോഭം കാരണം നാശനഷ്ടം ഉണ്ടായ മത്സ്യത്തൊഴിലാളികളിൽ നഷ്ടപരിഹാരത്തിനായി ലഭിച്ചിട്ടുള്ള അപേക്ഷകളുടെ എണ്ണം, നഷ്ടപരിഹാരം ലഭിച്ചവരുടെ എണ്ണം, നഷ്ടപരിഹാരമായി നൽകിയ തുക എന്നീ വിവരങ്ങൾ എത്രയാണെന്ന് 2021 മുതൽ സാമ്പത്തിക വർഷം തിരിച്ച് ലഭ്യമാക്കാമോ; ബാക്കിയുള്ള അപേക്ഷകളിൽ തീരുമാനമെടുത്ത് ഇവർക്ക് കൂടി നഷ്ടപരിഹാരം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ? | (ബി) | കടൽക്ഷോഭം കാരണം നാശനഷ്ടം ഉണ്ടായ മത്സ്യത്തൊഴിലാളികളെ സംബന്ധിച്ച വിവരങ്ങൾ **അനുബന്ധം - VII** ആയി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം – I**

## 2021 മുതൽ തിരൂർ മണ്ഡലത്തിൽ ഫിഷറീസ് ഇ-ഗ്രാന്റ്സ്(പോസ്റ്റ്-മെട്രിക്) ഇനത്തിൽ അനുവദിച്ചിട്ടുള്ള തുകയുടെ വിശദാംശങ്ങൾ

| ക്രമ നമ്പർ | വർഷം | വിദ്യാർത്ഥികളുടെ എണ്ണം | തുക (രൂപ) |
|---|---|---|---|
| 1 | 2021-22 | 187 | 29,20,550/- |
| 2 | 2022-23 | 334 | 43,73,050/- |
| 3 | 2023-24 | 256 | 31,48,807/- |
| 4 | 2024-25 | 246 | 52,41,394/- |
| 5 | 2025-26 | 323 | 29,80,039/- |
| | ആകെ | **1346** | **1,86,63,840/-** |

## അനുബന്ധം- II

### തിരൂർ മണ്ഡലത്തിൽ മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് വിദ്യാഭ്യാസാനുകൂല്യം (പ്രീ-മെട്രിക്) അനുവദിച്ചതിന്റെ വിശദാംശങ്ങൾ

| ക്രമ നം | വർഷം | ചെലവഴിച്ച തുക | വിദ്യാർത്ഥികളുടെ എണ്ണം |
|---|---|---|---|
| 1 | 2021-22 | 14999649 | 9200 |
| 2 | 2022-23 | 17999613 | 10260 |
| 3 | 2023-24 | 12399267 | 3799 |
| 4 | 2024-25 | 41078061 | 28079 |
| 5 | 2025-26 | 28666026 | 17034 (On going) |

**അനുബന്ധം-III**

**സമ്പാദ്യ സമാശ്വാസ പദ്ധതി**

| ക്രമ നം | വർഷം | മത്സ്യഗ്രാമം | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|
| 1 | 2021-22 | പറവണ്ണ | 1036 |
| 2 | 2022-23 | പറവണ്ണ | 951 |
| 3 | 2023-24 | പറവണ്ണ | 941 |
| 4 | 2024-25 | പറവണ്ണ | 898 |
| 5 | 2025-26 | പറവണ്ണ | ഗുണഭോക്തൃ വിഹിതം സ്വീകരിച്ച് വരുന്നു |

## <u>അനുബന്ധം –IV</u>

## <u>വിദ്യാതീരം പദ്ധതി</u>

| ക്രമ നം | വർഷം | മത്സ്യഗ്രാമം | ലഭിച്ച അപേക്ഷകൾ / നടപടി സ്വീകരിച്ചവ |
|---|---|---|---|
| 1 | 2021–22 | പറവണ്ണ | ഇല്ല |
| 2 | 2022–23 | പറവണ്ണ | ഇല്ല |
| 3 | 2023–24 | പറവണ്ണ | ഇല്ല |
| 4 | 2024–25 | പറവണ്ണ | 2 |
| 5 | 2025–26 | പറവണ്ണ | 3 |

## അനുബന്ധം –V

### പ്രതിഭാ തീരം

| ക്രമ നം. | വർഷം | മത്സ്യ ഗ്രാമം | ലഭിച്ച അപേക്ഷകൾ / നടപടി സ്വീകരിച്ചവ | ഗുണഭോക്താക്കളുടെ എണ്ണം / വിവരങ്ങൾ |
|---|---|---|---|---|
| 1 | 2021-22 | പറവണ്ണ | 3 | 3 വായനശാലകൾ<br>* ഗ്രാമബന്ധു വായനശാല, പച്ചാട്ടിരി<br>* യുവജന വായനശാല പടിയം<br>*എ.പി അബ്ദുള്ളക്കുട്ടി സ്മാരക വായനശാല ആലിശ്ശേരി |

## അനുബന്ധം - VI

## സാഫ്

| വിവരങ്ങൾ | 2021-22 | 2022-23 | 2023-24 | 2024-25 | 2025-26 |
|---|---|---|---|---|---|
| ലഭിച്ച അപേക്ഷകളുടെ എണ്ണം | 4 | 8 | 0 | 3 | 6 |
| ഈ പദ്ധതികളിൽ ഉൾപ്പെടുത്തിയവരുടെ എണ്ണം. | 1 | 4 | 0 | 0 | 2 |
| ചെലവഴിച്ച തുക | 2,13,525 | 5,67,900 | 0 | 0 | ഫണ്ട് അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

## അനുബന്ധം – VII

## കടൽക്ഷോഭം കാരണം നാശനഷ്ടം സംഭവിച്ച മത്സ്യത്തൊഴിലാളികളുടെ വിവരങ്ങൾ

| ക്രമ നം. | വർഷം | മത്സ്യ ഗ്രാമം | ലഭിച്ച അപേക്ഷകളുടെ എണ്ണം | നഷ്ടപരിഹാരം ലഭിച്ചവർ | തുക |
|---|---|---|---|---|---|
| 1 | 2021-22 | പറവണ്ണ | ഇല്ല | – | – |
| 2 | 2022-23 | പറവണ്ണ | ഇല്ല | – | – |
| 3 | 2023-24 | പറവണ്ണ | 1 | 1 | 1 ലക്ഷം |
| 4 | 2024-25 | പറവണ്ണ | 1 | മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി മുഖേന അപേക്ഷ സമർപ്പിക്കാൻ നിർദ്ദേശം നൽകി | – |
| 5 | 2025-26 | പറവണ്ണ | ഇല്ല | – | – |